സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) 51,458.33 ലക്ഷം രൂപ

(ബി)

വർഷം	ലക്ഷ്യം രൂപ ലക്ഷത്തിൽ	നേട്ടം രൂപ ലക്ഷത്തിൽ
1980	2000	4796.27
1981	2625	5635.60
1982	2500	6024.95
1983	4000	9367.35
1985	6000	11861.56
1986	6000	13772.60

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : ലക്ഷ്യത്തെക്കാൾ കൂടുതൽ വിജയിക്കാൻ കഴിഞ്ഞ ഈ പദ്ധതി ആറുമാസത്തേക്കോ അതിൽ കൂടുതൽ കാലഘട്ടത്തിലേക്കോ നിക്ഷേപിച്ച സംഘങ്ങളുടെ കണക്ക് പറയാമോ ?

ശ്രീമതി എം. കമലം : അതിന് പ്രത്യേകമായി നോട്ടീസ് തന്നാൽ മറുപടി പറയാം

സഹകരണ സംഘങ്ങളെ ചിട്ടി ആക്ടിന്റെ പരിധിയിൽനിന്നും ഒഴിവാക്കാൻ നടപടി

* 373. [401] ശ്രീ. ഒ. ഭരതൻ :
,, കോടിയേരി ബാലകൃഷ്ണൻ :
,, വി. കേശവൻ :
,, കെ. മൂസ്സക്കുട്ടി :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ചിട്ടി ആക്ടിന്റെ പരിധിയിൽനിന്ന് സഹകരണസംഘങ്ങളെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഇല്ല.

(ബി, സി) വേങ്ങേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, വേങ്ങേരി; അരിക്കുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, അരിക്കുളം; വടകര കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്, വടകര എന്നീ സ്ഥാപനങ്ങൾ 1975-ലെ ചിട്ടി ആക്ടിന്റെ പരിധിയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ടി നിവേദനങ്ങൾ ഗവൺമെൻറ് പരിശോധിച്ച് വരികയാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി : ചിട്ടി ആക്ടിൽ സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിയതിന്റെ ഫലമായി വളരെ നന്നായി ഇതുവരെ നടന്നുകൊണ്ടിരുന്ന പല സഹകരണ സംഘങ്ങളും തകരാറിലാകുകയും ക്ഷീണിക്കുകയും ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ച് ചെറുവണ്ണൂർ തുറന്നിട്ടുള്ള നിരവധി സഹകരണസംഘങ്ങൾ ധനകാര്യ വകുപ്പുമന്ത്രിക്കും സഹകരണ വകുപ്പു മന്ത്രിക്കും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീമതി എം. കമലം : ചിട്ടി ആക്ടിന്റെ പരിധിയിൽനിന്നും സംഘങ്ങളെ ഒഴിവാക്കുന്നതിന് വളരെയധികം വിഷമമുണ്ട്. ഒരു സഹകരണ സംഘത്തിന്റെ അൻപതു ശതമാനംവരെ വരുന്ന അറാദായം വരെയാണ് ചിട്ടി നടത്തിക്കൊണ്ടിരുന്നത്. ഇപ്പോൾ ചിട്ടി ആക്ട് പ്രകാരം ചിട്ടി നടത്തുന്നതിന് രജിസ്ട്രേഷൻ അപേക്ഷിക്കുമ്പോൾ ജോയിൻറ് രജിസ്ട്രാറുടെ സോൾവൻസി സർട്ടിഫിക്കറോടുകൂടി മാത്രമേ രജിസ്ട്രേഷൻ കൊടുക്കുവാൻ പാടുള്ളൂവെന്ന് രജിസ്ട്രാർ രജിസ്ട്രേഷൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാരണം, ചിട്ടിയിൽ ചേർന്ന അംഗങ്ങളുടെ നിലപാടും സംഘങ്ങളുടെ സ്ഥിതിയും സംഘങ്ങളുടെയും വ്യക്തികളുടെയും താൽപ്പര്യവുമെല്ലാം വ്യക്തമാക്കുന്നതിനുള്ള നടപടികൾ ഒഴിവാക്കാൻ തൽക്കാലം സാദ്ധ്യമല്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

യുവജനോൽസവ വിജയികൾക്കു നൽകുന്ന പ്രോത്സാഹനങ്ങൾ

* 374. [402] ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

,, കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന യുവജനോൽസവത്തിലെ വിജയികൾക്കു സംസ്ഥാന ഗവ. ഇപ്പോൾ എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത് ;

(ബി) ഇതു വിപുലീകരിക്കാൻ ഗവ. ഉദ്ദേശിക്കുന്നുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) യുവജനോൽസവ വിജയികൾക്ക് പല പ്രോത്സാഹനങ്ങളും സർക്കാർ നൽകുന്നുണ്ട്. സംസ്ഥാനതല യുവജനോത്സവത്തിൽ ശ്രൂപ്പിനങ്ങളുടക്കമുള്ള വിവിധ ഇനങ്ങളിൽ ഒന്നാം സ്ഥാനക്കാർക്കു 400 രൂപയും രണ്ടാം സ്ഥാനക്കാർക്ക് 300 രൂപയും എന്ന നിരക്കിൽ ക്യാഷ് അവർഡ് നൽകിവരുന്നു.

എസ്. എസ്. എൽ. സി.-ക്കു പഠിക്കുന്ന വിദ്യാർത്ഥികളാണെങ്കിൽ ഒന്നാം സ്ഥാനക്കാർക്ക് ജയിക്കുന്നതിന് 5% മുതൽ 10% വരെ ഗ്രേസ് മാർക്കും രണ്ടാം സ്ഥാനക്കാർക്കും എ ഗ്രേഡുകാർക്കും 5 % ഗ്രേസ് മാർക്കും നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly